അവിടെയുള്ള പാവപ്പെട്ട രോഗികളും മെച്ചപ്പെട്ട ചികിൽസാസൗകര്യമില്ലാത്തതിനാൽ ഭേദിച്ച ചെലവുവരുന്ന സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കേണ്ടിവരുന്നത്. ഇപ്പോൾ അവിടെ പ്രവർത്തിക്കുന്ന ഹെൽത്ത് സെൻററിൽ സ്ഥിരമായ ഡോക്ടറോ ആവശ്യമായ മരുന്നോ ലഭിക്കുന്നില്ല. അതുകാരണം ജനങ്ങളും വളരെയധികം കഷ്ടപ്പെടുന്നു. വളരെ പിന്നോക്കാവസ്ഥയിലുള്ള ഹരിജനങ്ങളും തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന റാന്നിയിൽ 100 കിടക്കകളുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുള്ള ഒരു താലൂക്ക് ആശുപത്രി സ്ഥാപിക്കുവാൻ അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇപ്പോഴത്തെ ഹോസ്പിറ്റലിൽ രണ്ടു ഡോക്ടർമാരുടെ തസ്തികയുണ്ട്, രണ്ട് ഡോക്ടർമാരുടെ നിയമനവും നടത്തിയിട്ടുണ്ട്. വാട്ടർസപ്ലൈ റെഗുലറായിട്ട് നടക്കുന്നുണ്ട്. അതേയവസരത്തിൽ അറ്റകുറ്റപ്പണികൾക്കാവശ്യമായിട്ടുള്ള പണം ഈ സാമ്പത്തികവർഷത്തിൽതന്നെ അനുവദിച്ചു കൊടുക്കാം. മറ്റ് കാര്യങ്ങളൊക്കെ പരിശോധിച്ച് വേണ്ട നടപടികളും സ്വീകരിക്കാം.

(2) പത്തനാപുരം താലൂക്കിലെ പ്രൈവറ്റ് ദേവസ്വം ഭൂമി പതിച്ചുകൊടുക്കാത്തതുമൂലം വിലയ്ക്കുവാങ്ങിയ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എ. ജോർജ് : സർ, പത്തനാപുരം താലൂക്കിൽപ്പെട്ട എൻെറ നിയോജകമണ്ഡലത്തിലെ രണ്ടു മൂന്നു വില്ലേജുകളിലുള്ള 2200-ഓളം വരുന്ന കൃഷിക്കാരുടെ ഭൂമി പതിച്ചുകിട്ടാത്ത ഒരു പ്രശ്നമാണ് ഞാൻ ഈ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നത്. ഇത് വനഭൂമി കൈവശപ്പെടുത്തിയതല്ല. വേറെ ആരുടെയെങ്കിലും ഭൂമി അനധികൃതമായി കയ്യേറിയതുമല്ല. ഏകദേശം 100 കൊല്ലം മുമ്പ് ഊരായ്മക്കാർ എന്നു അറിയപ്പെട്ടിരുന്ന രണ്ടു വീട്ടുകാർ നടത്തിവന്ന ഒരു പ്രൈവറ്റ് ദേവസ്വത്തിൽ നിന്നും വിലക്കു വാങ്ങിച്ച ഭൂമിയാണ്, ഇപ്പോൾ പതിച്ചുകിട്ടാതെയിരിക്കുന്നത്. ഈ ഭൂമി പതിച്ചുകിട്ടാത്തതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പിൽപ്പെട്ട ഭവനനിർമ്മാണ പദ്ധതിയിലുൾപ്പെട്ട ഭവനങ്ങളും അവർക്ക് കിട്ടാൻ അർഹതയില്ലാതിരിക്കുകയാണ്. ഞാൻ ഒരു പ്രത്യേക കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. 15-12-ൽ ഞാൻ ഇതിനെക്കുറിച്ച് ഒരു നിവേദനം നമ്മുടെ ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രിക്ക് അയച്ചു. റവന്യുവകുപ്പുമന്ത്രിയുടെ ആഫീസിൽ നിന്ന് പിറ്റേദിവസംതന്നെ അത് ഡെസ്പാച്ച് ചെയ്തു. മൂന്നുമാസം കഴിഞ്ഞപ്പോൾ ഇത് കൊല്ലം കളക്ടറേറ്റിൽ വിട്ടിരിക്കുന്നു എന്നും പറഞ്ഞ് ഗവൺമെൻറ് സെക്രട്ടറിയുടെ ഒരു എഴുത്തു കിട്ടി. ഈ സെക്രട്ടേറിയറ്റിലെ സ്ഥിതി ഒന്ന് ആലോചിക്കണം. അതുകൊണ്ട് ഇതുപോലെയുള്ള കാര്യങ്ങളിൽ റവന്യൂവകുപ്പുമന്ത്രി എത്രയും വേഗം നേരിട്ട് ഫയൽ വരുത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : ഈ വിഷയം എൻെറ ശ്രദ്ധയിൽപ്പെടുകയും കൊല്ലം കളക്ടറോട് റിപ്പോർട്ട് ചോദിക്കുകയും റിപ്പോർട്ട് തരികയും ചെയ്തിട്ടുണ്ട്. ഈ ഭൂമി പതിച്ചുകൊടുക്കുന്നതിനു തടസ്സമില്ലെന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly